Rao Sahib I. N. Menon *(Director of Public Instruction)*: I do not want my ignorance on the subject to be construed as any weakness on the part of the authorities.

ഇതിൽ ചേർത്തിട്ടുള്ള ലിസ്റ്റ് പരിപൂർണ്ണമാണൊ എന്നു പറയുവാൻ സാദ്ധ്യമല്ല. ഇതിൽ വല്ല വീഴ്ചകളും വന്നിട്ടുണ്ടോ എന്നും പറയുവാൻ സാദ്ധ്യമല്ല. ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയിൽ പെട്ട ആളുകളും ഇവിടെയില്ല. ഡയറക്ടരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയുമായി എനിക്കു യാതൊരു ബന്ധവുമില്ല. ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള മറുപടികളെല്ലാം ഈ കടലാസ്സിൽ കാണുന്നതിനെ അടിസ്ഥാനമാക്കിയാണ്. If the Hon'ble Member wants any other information I want notice.

Mr. C. K. Nayar *(Nemmara)*: What is the position of Government, I want to know?

Mr. C. J. Mathew *(Joint Secretary to Government)*: Let me know on what exact point you want information?

മിസ്റ്റർ സി. കെ. നായർ: ഉപദേശകസമിതി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളും ഈ കൊല്ലത്തിനകത്തു പാഠപുസ്തകസമിതി സ്വീകരിച്ചുവയായിരിക്കണമെന്നു നിയമമുണ്ട്. എന്നാൽ നിയമത്തിനു വിരുദ്ധമായി ഏതെങ്കിലും പുസ്തകങ്ങളും ഈ കൊല്ലത്തിൽ പാഠപുസ്തകമാക്കുവാൻ സമിതി ശുപാർശചെയ്യുയോ, ഗവൺമെണ്ടു അതു് അംഗീകരിക്കുകയൊ ചെയ്തിട്ടുണ്ടോ?

Rama Varmha Tampuran *(Secretary to Government)*: We should enquire and find out.

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ: ഇതിനു പറയുവാനുള്ള മറുപടി ഇതാണ്. നിയമപ്രകാരം ചെയ്യുവാൻ പാടില്ല. അങ്ങിനെ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതു വീഴ്ചതന്നെയാണ്. ആ വിവരം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിയാൽ അന്വേഷിക്കുവാൻ തയ്യാറാണ്.

മിസ്റ്റർ സി. കെ. നായർ: ആർ. ദേവരാജയ്യർ ബി. എ. യാൽ എഴുതപ്പെട്ട ഈ പുസ്തകം ഫ ഫ ര-ലെ ആദ്യത്തെ ടെക്സ്റ്റ്ബുക്ക് കമ്മിറ്റി നമ്മുടെ ആവശ്യങ്ങൾക്കു പറ്റിയതല്ലെന്നു പറഞ്ഞു തള്ളിക്കളഞ്ഞിട്ടുള്ളതാണ്. ഇതു് ഈ കൊല്ലത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

Mr. C. J. Mathew *(Joint Secretary to Government)*: These are details about which the Hon'ble Member may put questions and we will be able to answer at the next sitting.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ചോദ്യം ഇനിയത്തെ കൌൺസിലിലും വരുമൊ?

മിസ്റ്റർ സി. കെ. നായർ: ഞാൻ എഴുതി അയക്കാം.

HINDI—TEACHING OF

57. മിസ്റ്റർ സി. കെ. നായർ:

താഴെ ചേർക്കുന്ന ചോദ്യത്തിനു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

കൊച്ചിയിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ ഹിന്ദി പഠിപ്പിക്കുന്നുണ്ടെന്നു പറയുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ:

ക. ഹൈസ്കൂൾ, തിരുവില്വാമല.
ഖ. ടി ഒല്ലൂർ.
ഗ. ടി കണ്ടശ്ശാംകടവു്.
ഘ. ടി കുന്നംകുളം.
ങ. ടി ഇരിങ്ങാലക്കുട.
ച. ടി ചിറ്റൂർ.
ഛ. ടി തൃശ്ശിവപേരൂർ.
ജ. സി. എൻ. എൻ. ഹൈസ്കൂൾ, ചേർപ്പു്.
ഝ. സി. എം. എസ്സ്. ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
ഞ. സെൻറ് തോമസ്സ് ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
ട. വിവേകോദയം ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
ഠ. എസ്സ്. ആർ. കെ. ജി. വിദ്യാമന്ദിരം, വിലങ്ങൻസ്.
ഡ. സെൻറ് അൻറണീസ്സ് ഹൈസ്കൂൾ, പുതുക്കാട്.
ഢ. എസ്സ്. കെ. ഹൈസ്കൂൾ, നല്ലേപ്പിള്ളി.
ണ. ടി. ഡി. ഹൈസ്കൂൾ, കൊച്ചി.
ത. സെൻറ് പീറേഴ്സ് ഹൈസ്കൂൾ, കമ്പളങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

൧൬. എസ്സ്. ആർ. വി. ഹൈസ്കൂൾ, എറണാകുളം.
൧൭. സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ, എറണാകുളം.
൧൮. ഹൈസ്കൂൾ, ചാലക്കുടി
൨൦. എസ്സ്. എച്ച്. ഹൈസ്കൂൾ, തേവര.
൨൧. സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, പള്ളുരുത്തി.
൨൨. ഹൈസ്കൂൾ, തുപ്പുണിത്തുറ.
൨൩. ഗേൾസ് ഹൈസ്കൂൾ, തുപ്പുണിത്തുറ.
൨൪. ടി ഇരിങ്ങാലക്കുട.
൨൫. ടി എറണാകുളം.
൨൬. ടി കുന്നംകുളം.
൨൭. പാലസ്സ് ഗേൾസ് ഹൈസ്കൂൾ, തുപ്പുണിത്തുറ.
൨൮. അവർ ലേഡീസ് ഡി ഗേൾസ് ഹൈസ്കൂൾ, പള്ളുരുത്തി.
൨൯. വി. ജി. ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
൩൦. ടി ചിറ്റൂർ.
൩൧. എസ്സ്. എച്ച്. സി. ജി. ഹൈസ്കൂൾ, തൃശ്ശിവപേരൂർ.
൩൨. ടി ടി ചാലക്കുടി.

ഈ ൩൨ സ്കൂളുകളിൽ ഹിന്ദി ഐശ്ചികവിഷയമായി പഠിപ്പിക്കുന്നു.

മിസ്റ്റർ സി. കെ. നായർ : മറവുള്ള സ്കൂളുകളിൽ ഹിന്ദി പഠിപ്പിക്കാതിരിക്കുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : ഐച്ഛികവിഷയം പഠിപ്പിക്കുന്നതു് സാധാരണയായി രണ്ടു സ്കൂളുകൾ അടുത്തടുത്തുണ്ടെങ്കിൽ ഒരാളെക്കൊണ്ടുതന്നെ പഠിപ്പിക്കുവാൻ സാധിക്കും. സയൻസുതന്നെ ഇപ്പോൾ അങ്ങിനെയാണു് പഠിപ്പിക്കുന്നതു്. അതും ചുരുക്കണമെന്നാണു് വിചാരിക്കുന്നതു്. ഈ ലിസ്റ്റിൽ പറയുന്ന സ്കൂളുകളിൽ മുഴുവനും അവർ ആവശ്യപ്പെട്ടിട്ടല്ല ഹിന്ദി പഠിപ്പിക്കുന്നതു്. ഹിന്ദി പഠിപ്പിച്ചാൽ ഉപകാരമായിരിക്കുമെന്നും പഠിക്കാനാഗ്രഹമുണ്ടെന്നും മറവും ഉള്ള വിവരങ്ങൾ മനസ്സിലാക്കി പഠിപ്പിക്കുവാൻ തുടങ്ങി. അതു കണ്ടപ്പോൾ അടുത്തുള്ള മറവ സ്കൂളുകളിലും പഠിപ്പിക്കാൻ തുടങ്ങി. അങ്ങിനെയുള്ളതാണു് ഈ ലിസ്റ്റിൽ കാണുന്ന ൩൨ സ്കൂളുകൾ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ആവശ്യപ്പെട്ടിട്ടുള്ളവർക്കൊക്കെ, പഠിപ്പിക്കാൻ അനുവാദം കൊടുത്തിട്ടുണ്ടോ ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : അതു പറയുവാൻ തരമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ ൩൨ സ്കൂളുകളിലും ഹിന്ദി മാസ്റ്റർമാരുണ്ടോ ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : ഇവർ മുഴുവനും ജോലിയുള്ള മാസ്റ്റർമാരല്ല. തൃശ്ശിവപേരൂരാണെങ്കിൽ അടുത്തടുത്തുള്ള ഒന്നോ രണ്ടോ സ്കൂളുകളിൽ ഒരാൾക്കു പഠിപ്പിക്കുവാൻ കഴിയും. മിക്കവാറും അങ്ങിനെ ശ്രമിച്ചു് ചെയ്തിരിക്കയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കണ്ടശ്ശാംകടവിലുള്ള ഹിന്ദി ടീച്ചറെക്കൊണ്ടു് പെരിങ്ങോട്ടുകര സ്കൂളിലുംകൂടി ഹിന്ദി പഠിപ്പിക്കണമെന്നു് എത്ര അപേക്ഷകൾ കിട്ടീട്ടുണ്ടു്. ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : മറെറാരു സ്കൂളിൽ തുടങ്ങിയാൽ മാത്രമേ അതിനടുത്തുള്ള സ്കൂളിൽ പഠിപ്പിക്കാൻ അനുവദിക്കയുള്ളുവെന്നു വെച്ചിട്ടുണ്ടു്.

മിസ്റ്റർ സി. കെ. നായർ : നെമ്മാറ ഹൈസ്കൂളിൽനിന്നും ഒരു സ്കൂൾ ൧൫-ം മറെറാന്നു ൨൫-ം നാഴിക ദൂരെയാണു് സ്ഥിതിചെയ്യുന്നതു്. ഇങ്ങിനെ കുട്ടപിടിക്കാൻ മറെറാന്നിനെ കിട്ടാനില്ലാത്ത നെമ്മാറ ഹൈസ്കൂളിലെ കുട്ടികൾക്കു് ഹിന്ദി പഠിക്കാനുള്ള ആഗ്രഹം സാധിക്കാൻ അവിടെ ഒരു അദ്ധ്യാപകനെ നിയമിക്കുമോ ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കണ്ടശ്ശാംകടവിലും പെരിങ്ങോട്ടുകരയിലുമുള്ള സ്കൂളുകൾ അടുത്തടുത്താണോ ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : നെമ്മാറ മെമ്പർ പറഞ്ഞിട്ടുള്ള വിധത്തിലുള്ള അകലം ഈ രണ്ടു സ്കൂളുകൾ തമ്മിലില്ല. ഇപ്പോൾ പെരിങ്ങോട്ടുകരയിൽ ഹിന്ദി ഐച്ഛിക വിഷയമായി പഠിപ്പിക്കുന്നില്ലെങ്കിൽ അതിനടുത്ത സ്കൂളിൽ പഠിപ്പിക്കുമ്പോൾ അവി

LIBRARY ARCHIVES Kerala Legislative Assembly

ടെ പോയി പഠിച്ചുകൊള്ളുക എന്നു പറയാവുണ്ടു്. ആ കൂട്ടത്തിൽ ചെയ്താൽ പോരേ? നെമ്മാറയിലെ ബുദ്ധിമുട്ടു് പെരിങ്ങോട്ടുകരക്കുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഹിന്ദി പഠിപ്പിക്കുന്ന ടീച്ചർ കണ്ടശ്ശാംകടവിലുണ്ടു്. ആ ആൾക്കു് എന്തെങ്കിലും കൂടുതൽ അലവൻസുകൊടുത്തു് പെരിങ്ങോട്ടുകരക്കു് അയക്കുന്നതിനു് എന്താണു് വിരോധം?

റാവുസാഹിബു് ഐ. എൻ. മേനോൻ: ഈ പ്രിൻസിപ്പിൾ ഗവമ്മെണ്ടു് അക്സപ്റ്റു ചെയ്താൽ ഓരോ കൊല്ലത്തിലും തുടങ്ങുന്ന സ്കൂളുകൾക്കൊക്കെ അതനുസരിച്ചു് ചെയ്യേണ്ടിവരും. അങ്ങിനെ ചെയ്യുന്നുണ്ടെന്നു കണ്ടാൽ കൊല്ലംതോറും സ്കൂളുകളുടെ എണ്ണം കൂടുതലാകും. അഞ്ചോ പത്തോ ഉറപ്പിക അലവൻസിന്റെ കാര്യമല്ല നോക്കേണ്ടതു്. പെരിങ്ങോട്ടുകരയിലും കണ്ടശ്ശാംകടവിലും ഓരോ ഐച്ഛികവിഷയങ്ങൾ തുടങ്ങിയിരിക്കും പഠിപ്പിക്കുന്നതു്. അവിടെയില്ലാത്തതു് ഇവിടെയും, ഇവിടെയില്ലാത്തതു് അവിടെയും ഉണ്ടായിരിക്കും. പെരിങ്ങോട്ടുകരയിൽ ഹിന്ദി പഠിപ്പിക്കുവാൻ തരമില്ലെന്നു പറയുന്നില്ല. എന്നാൽ സ്കൂളുകളിൽ വരുന്നവർ അതിനടുത്തുള്ളവരോടു് ആ ദിക്കിൽനിന്നു മാത്രം വരുന്നവരോ ആയിരിക്കയില്ല.

മിസ്റ്റർ ബി. എം. പീറർ: കുമ്പളങ്ങി സെൻറ് പീറേഴ്സ് ഹൈസ്കൂളിലെ മാസ്റ്റർക്കു് അലവൻസ് കൊടുക്കുന്നുണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: നോട്ടീസ്സു് വേണം.

It really affects the expansion of future education. If this principle is accepted, we have got to go on duplicating and re-duplicating several optional subjects and instead of helping onward the progress of education, it might really hamper its progress.

SWEET TODDY TAPPING—APPLICATIONS FOR

58. മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ക ക ക ൧-ൽ ചക്കരചെത്തിനു പുതിയ അപേക്ഷകന്മാർ എത്രയുണ്ടായിരുന്നു;

(ബി) അതിൽ എത്ര അനുവദിച്ചു;

(സി) പഴയ അപേക്ഷകന്മാരിൽ വല്ലവർക്കും ലൈസൻസ് ക ക ക ൧-ൽ അനുവദിക്കാത്തതുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ എം. രാമൻ മേനോൻ:

(എ) ർ ന്നു.

(ബി) ന ന ം.

(സി) ഉണ്ടു്.

(ഡി) ക ൈൻ.

59. മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ക ക ക വ-ൽ എത്ര പഴയ അപേക്ഷകന്മാർ ചക്കര ചെത്തിനു് അപേക്ഷിച്ചിട്ടുണ്ടു്;

(ബി) പുതിയ അപേക്ഷകരും എത്ര;

(സി) ഓരോന്നിലും എത്ര അനുവദിച്ചിട്ടുണ്ടു്?

മിസ്റ്റർ എം. രാമൻ മേനോൻ:

(എ) ക ൈ ൫ ർ.

(ബി) ൫൯ വ.

(സി) "എ" യിൽ മുഴുവനും "ബി" യിൽ ഒമ്പതിൽ-ം അനുവദിച്ചിട്ടുണ്ടു്.

TODDY SHOP CONTRACTS—P. V. PATHROSE—PARTICULARS OF

60. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് മറുപടി പറയുമോ.—

(എ) പി. വി. പത്രോസു് ക ക വ-ലേക്കു് ഏതെല്ലാം കള്ളുഷാപ്പുകളാണു് ഏറ്റെടുത്തിരിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly